GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.19/2026 07.02.2026

## വൈഗ 2026 – ഡി.പി.ആർ. ക്ലിനിക് ഫെബ്രുവരി 9-10 തീയതികളിൽ സംഘടിപ്പിക്കും

തിരുവനന്തപുരം: കേരള സർക്കാർ കൃഷി വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന വൈഗ 2026 ന്റെ ഭാഗമായ ഡി.പി.ആർ. ശില്പശാല ഫെബ്രുവരി 9-10 തീയതികളിൽ തിരുവനതപുരം ആനയറയിലെ പരിശീലന സ്ഥാപനമായ സമേതിയിൽ വച്ച് നടത്തപ്പെടും. കാർഷിക മേഖലയിൽ സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് അവരുടെ ഭാവനയ്ക്കനുസൃതമായി നൂതന ആശയങ്ങളിലൂടെ കാർഷിക സംരംഭങ്ങളെ രൂപീകരിക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത ശില്പശാല സംഘടിപ്പിക്കുന്നത്. SFAC (ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം) കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശില്പശാലയിൽ ഒരു കർഷകന്/നിക്ഷേപകന്/സംരംഭകന് ബിസിനസ്സ് ആരംഭിക്കുന്നതിന് മുമ്പ് വിശകലനം ചെയ്യേണ്ട ബിസിനസ്സിന്റെ പ്രധാന മേഖലകളെ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ മനസിലാക്കാനും അതിനനുസൃതമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR- Detailed Project Report) തയ്യാറാക്കാനുമുള്ള സാങ്കേതിക സഹായം അതാത് മേഖലകളിൽ നിന്നുള്ള വിദഗ്ധരിൽ നിന്നും ലഭിക്കും. കാർഷിക മേഖലയിൽ പുതതായി സംരംഭങ്ങൾ ആരംഭിക്കുന്ന വ്യക്തികൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും അർഹമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് സംരംഭകരുടെ പ്രോജക്ടിന്റെ ആശയം വ്യക്തമാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ആവശ്യമാണ്. അനുഭവ പരിചയവും പ്രൊഫഷണൽ യോഗ്യതയുമുള്ള ഏജൻസികൾ തയ്യാറാക്കിയതും, ധനകാര്യ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന

മാനദണ്ഡങ്ങൾക്കനുസൃതമായതുമായ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ ഈ ശില്പശാല സംരംഭകനെ സജ്ജമാക്കും. ഡി.പി.ആർ. തയ്യാറാക്കലുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ സംരംഭകരിലേക്കെത്തിക്കാനും, തയ്യാറാക്കിയ പ്രൊജക്റ്റ് പ്രായോഗികമാക്കുന്നതിനും, ഗ്രാന്റ്/സബ്സിഡി സപ്പോർട്ടുകൾക്കായുള്ള സ്കീമുകളുമായി സംയോജിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ശില്പശാല ലക്ഷ്യമിടുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക്/സംരംഭകർക്കാണ് ശില്പശാലയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**